# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 11**

---

## പി.ജി ഏകജാലക പ്രവേശനം;കമ്യൂണിറ്റി മെരിറ്റ് മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലേക്കുള്ള പി.ജി ഏകജാലക പ്രവേശനത്തിൻറെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയിലെ മൂന്നാമത്തെ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

മൂന്നാം അലോട്ട്മെൻറ് ലഭിച്ചവരും ഒന്നും രണ്ടും അലോട്ട്മെൻറുകളിൽ താത്കാലിക പ്രവേശനം എടുത്തിട്ടുള്ളവരും ഇന്ന്(ജൂലൈ 12) വൈകുന്നേരം നാലിനു മുൻപ് സ്ഥിര പ്രവേശനം എടുക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാക്കപ്പെടും.

(പി.ആർ.ഒ/39/787/2023)

## പി.എച്ച്.ഡി എൻട്രൻസ്: ഫലം പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല മെയ് 20,21 തീയതികളിൽ നടത്തിയ 2023ലെ പി.എച്ച്.ഡി പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in/research.mgu.ac.in). ഫോൺ: 0481 2733568.

(പി.ആർ.ഒ/39/788/2023)

## എം.എസ്.ഡബ്ല്യു കോഴ്സ് തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) പുതിയതായി ആരംഭിച്ച മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എം.എസ്.ഡബ്ല്യു) കോഴ്സിൻറെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു.

കൺവെർജൻസ് അക്കാഡമിയ കോപ്ലക്സിലെ ഐ.യു.സി.ഡി.എസ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ ഐ.യു.സി.ഡി.എസ് ഡയറക്ടർ പ്രഫ. പി.ടി. ബാബുരാജ്

അധ്യക്ഷത വഹിച്ചു.

ഫിനാൻസ് ഓഫീസർ ബിജു മാത്യു, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഐ.യു.സി.ഡി.എസ് മുൻ ഡയറക്ടർ പ്രഫ. റസീന പത്മം, ഐ.ക്യു.എ.സി ഡയറക്ടർ പ്രഫ. റോബിനറ്റ് ജേക്കബ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മേധാവി ഡോ. ടോണി കെ തോമസ്, സ്കൂൾ ഓഫ്  ഡോ. സൈലസ് ഡോ. വി.സി. ഷൈനു, ഡോ. ബോബൻ ജോസഫ്, ഡോ. കെ.കെ. ഷിജു, പി. ജിനിമോൾ, മേരി സീമ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ..**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പുതിയതായി ആരംഭിച്ച എം.എസ്. ഡബ്ല്യു കോഴ്സിൻറെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. സിടി അരവിന്ദകുമാർ നിർവഹിക്കുന്നു.

(പി.ആർ.ഒ/39/789/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐ.ഐ.ആർ.ബി.എസ്) അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാമുകളിൽ(2023-28) പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ ഒഴിവുണ്ട്.

സയൻസ് മുഖ്യ വിഷയമായി പഠിച്ച് പ്ലസ് ടൂ വിജയിച്ചവർക്ക് അപേക്ഷിക്കാം. എസ്.ടി വിഭാഗം വിദ്യാർഥികളുടെ അഭാവത്തിൽ എസ്.സി വിഭാഗത്തിൽനിന്നുള്ളവരെ പരിഗണിക്കും. താത്പര്യമുള്ളവർ എസ്.എസ്.എൽ.സി,  പ്ലസ് ടൂ സർട്ടിഫിക്കറ്റുകൾ, കമ്യൂണിറ്റി സർട്ടിഫിക്കറ്റ്,  ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ സഹിതം ജൂലൈ 13ന് രാവിലെ 10.30ന് സർവകലാശാലാ കാമ്പസിലെ ഐ.ഐ.ആർ.ബി.എസിൽ എത്തണം.

ഫോൺ: 9567544740. ഇ-മെയിൽ: iirbs@mgu.ac.in

(പി.ആർ.ഒ/39/790/2023)

## എം.പി.ഇ.എസ് സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ്(എം.പി.ഇ.എസ്) കോഴ്സിൻറെ 2023 ബാച്ചിൽ  എസ്.സി ക്വാട്ടയിൽ നാല് സീറ്റുകൾ ഒഴിവുണ്ട്. പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ  യോഗ്യത ഉള്ള വിദ്യാർഥികൾ ജൂലൈ 19ന് രാവിലെ 7.30 ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം വകുപ്പ് ഓഫീസിൽ എത്തണം. അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള എഴുത്ത് പരീക്ഷയും കായികക്ഷമതാപരീക്ഷയും അന്നു തന്നെ നടത്തും.

(പി.ആർ.ഒ/39/791/2023)

## ക്ലീനിംഗ് സൂപ്പർവൈസർ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താത്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിന് ക്ലീനിംഗ് സൂപ്പർവൈസറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 525 രൂപ ദിവസവേതനത്തിൽ 90 ദിവസത്തേക്കായിരിക്കും നിയമനം.

സർവകലാശാലയുടെ 8 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരെയാണ് പരിഗണിക്കുന്നത്. പ്രായം 21നും 60നും ഇടയിൽ.

വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ വോട്ടർ കാർഡിൻറെയോ ആധാർ കാർഡിൻറെയോ പകർപ്പു സഹിതം ജൂലൈ 15നകം അസിസ്റ്റൻ രജിസ്ട്രാർ 1 (ഭരണവിഭാഗം)ന് നൽകണം.

(പി.ആർ.ഒ/39/792/2023)

## മാറ്റി വച്ച പരീക്ഷ ജൂലൈ 18ന്

ഒന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആൻറ് മ്യൂസിയോളജി(2022 അഡ്മിഷൻ റഗുലർ, 2013 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ജൂലൈ അഞ്ചിനു മാറ്റി വച്ച പേപ്പർ 2 - ഇന്ത്യൻ പ്രീഹിസ്റ്ററി പരീക്ഷ ജൂലൈ 18ന് നടക്കും.

(പി.ആർ.ഒ/39/793/2023)

## പരീക്ഷാ കേന്ദ്രം മാറ്റി

തൊടുപുഴ ഗുരു നാരായണ കോളജിൻറെ പ്രവർത്തനം അവസാനിപ്പിക്കുന്നതായി അറിയിച്ചതിനാൽ ഈ കോളജിലെ സി.ബി.സി.എസ്, സി.ബി.സി.എസ്.എസ് വിദ്യാർഥികൾക്ക് ഇനി വരുന്ന സപ്ലിമെൻററി പരീക്ഷകൾക്ക് തൊടുപുഴ ന്യൂമാൻ കോളജ് പരീക്ഷാ കേന്ദ്രമായി അനുവദിച്ച് സർവകലാശാലാ പരീക്ഷ കൺട്രോളർ ഉത്തരവായി.

(പി.ആർ.ഒ/39/794/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഓഗസ്റ്റ് ഒൻപതിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ജൂലൈ 24 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 25ന് പിഴയോടു കൂടിയും ജൂലൈ 26ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

റഗുലർ വിദ്യാർഥികൾ 330 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 65 രൂപ നിരക്കിലും(പരമാവധി 330 രൂപ) സി.വി ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/795/2023)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.ബി.എ(2018 അഡ്മിഷൻ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് രണ്ടിന് ആരംഭിക്കും.

........................

ബി.ഫാം(2016 അഡ്മിഷൻ സപ്ലിമെൻററി) ഒന്നു മുതൽ നാലു വരെ വർഷ പരീക്ഷകൾ ജൂലൈ 19ന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ഒന്നു മുതൽ നാലു വരെയുള്ള വർഷങ്ങളിലെ ബി.ഫാം(2015 അഡ്മിഷൻ സപ്ലിമെൻററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2011-2013 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2003 -2010 വരെ അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ജൂലൈ 19, ഓഗസ്റ്റ് ഒൻപത്, സെപ്റ്റംബർ നാല്, ഒക്ടോബർ നാല് തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/796/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി

നാലാം സെമസ്റ്റർ എം.സി.എ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) കോഴ്സിൻറെ പ്രോജക്ട് ഇവാല്യുവേഷൻ വൈവ വോസി പരീക്ഷകൾക്ക് ജൂലൈ 25 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 26ന് പിഴയോടു കൂടിയും ജൂലൈ 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. പ്രൊവിഷണൽ സർട്ടിഫിക്കറ്റിന് പരീക്ഷാ ഫീസിനൊപ്പം 155 രൂപ അടയ്ക്കണം.

(പി.ആർ.ഒ/39/797/2023)

## പ്രാക്ടിക്കൽ

ജൂലൈ ആറ്, ഏഴ് തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് മൈക്രോബയോളജി - മാർച്ച് 2023 പരീക്ഷയുടെ(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 13, 14 തീയതികളിൽ പാലാ സെൻറ്

തോമസ് കോളജിൽ നടക്കും

(പി.ആർ.ഒ/39/798/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**